LIBRARY ARCHIVES Kerala Legislative Assembly

ജനങ്ങളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ

197 (1941) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനങ്ങളുടെ ജീവിതത്തിനും സ്വത്തിനും സഞ്ചാര സ്വാതന്ത്ര്യത്തിനും സംരക്ഷണം നൽകുന്നതിൽ വീഴ്ച ഉണ്ടാകുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൊള്ളയും പിടിച്ചുപറിയും പീഡനങ്ങളും കവർച്ചയും ഗുണ്ടാ ആക്രമണങ്ങളും ബലാത്സംഗങ്ങളും സംസ്ഥാനത്ത് നിത്യ സംഭവങ്ങളായിരിക്കുകയും, ജനങ്ങൾ ഭീതിയിൽ അകപ്പെട്ടിരിക്കുകയുമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വീടുകളിൽ കിടന്നുറങ്ങാനും സ്ത്രീകൾക്കും പെൺകുട്ടികൾക്കും നാട്ടിലിറങ്ങി നടക്കാനും കഴിയാത്തതും വഴിയാത്രക്കാരെ ഗുണ്ടാ സംഘങ്ങൾ പട്ടാപ്പകൽ അടിച്ചുകൊല്ലുന്നതുമായ അന്തരീക്ഷം സംജാതമായെന്ന ആക്ഷേപം പരിശോധിക്കുകയുണ്ടായോ;

(ഡി) ഫലപ്രദമായ നിയമ നടപടി ഉണ്ടാകാത്തതിനാൽ പീഡനക്കാരും പിടിച്ചുപറിക്കാരും ഗുണ്ടകളും മോഷ്ടാക്കളും നാട്ടിൽ ഏറിവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മാത്രവുമല്ല ഇത്തരം സാഹചര്യം കേരളത്തിൽ നിലവിലില്ല.

(സി) ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ക്രമസമാധാനം സംസ്ഥാനത്ത് നിയന്ത്രണ വിധേയമാണ്. ഏതെങ്കിലും തരത്തിലുള്ള കുറ്റകൃത്യങ്ങളോ, സംഘടിത കുറ്റകൃത്യങ്ങളോ ശ്രദ്ധയിൽപ്പെട്ടാൽ കുറ്റവാളികളെ ഉടൻതന്നെ അറസ്റ്റ് ചെയ്ത് കർശന നിയമ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.